# 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 632** — **08-10-2024 - ൽ മറുപടിയ്ക്ക്**

## ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് റാങ്കിങ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. സി. മൊയ്തീൻ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ഇന്ത്യയിൽ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് (ഇ.ഓ.ഡി.ബി) റാങ്കിംഗിൽ എത്ര ഘടകങ്ങൾ പരിശോധിച്ചപ്പോഴാണ് കേരളം പട്ടികയിലെ ഒന്നാം സ്ഥാനത്ത് എത്തിയതെന്ന് വിശദമാക്കാമോ; | (എ) | കേന്ദ്ര സർക്കാരിന്റെ വാണിജ്യ വ്യവസായ മന്ത്രാലയത്തിന് കീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇന്റേണൽ ട്രേഡ് (ഡി.പി.ഐ.ഐ.റ്റി) സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും നടപ്പിലാക്കുന്നതിനായി 2014 മുതൽ സ്റ്റേറ്റ് ബിസിനസ്സ് റീഫോംസ് ആക്ഷൻ പ്ലാൻ (SBRAP) പുറത്തിറക്കുന്നുണ്ട്. വ്യവസായങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന കർശനമായ നിയന്ത്രണങ്ങൾ ലളിതമാക്കുകയും നിക്ഷേപക സൗഹൃദമായ അന്തരീക്ഷം വളർത്തുകയും ചെയ്യുന്നത് വഴി ബിസിനസ്സ് അനുകൂലമായൊരു അന്തരീക്ഷം സംസ്ഥാനങ്ങളിൽ സൃഷ്ടിക്കുക എന്നതാണ് ഈ നടപടിക്രമങ്ങളിലൂടെ ലക്ഷ്യമിടുന്നത്. സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും ഈ പരിഷ്കരണങ്ങൾ നടപ്പിലാക്കുന്നതിന്റെ അടിസ്ഥാനത്തിൽ, വിലയിരുത്തപ്പെടുകയും, റാങ്ക് ചെയ്യപ്പെടുകയും ചെയ്യുന്നു. സംസ്ഥാനത്തിന്റെ ബിസിനസ്സ് അന്തരീക്ഷം ഉത്തേജിപ്പിക്കുന്നതിനായി നിരവധി പരിഷ്കരണ പദ്ധതികൾ ആരംഭിച്ചുകൊണ്ട് കേരള സർക്കാർ ഈ ഉദ്യമത്തിൽ 2014 മുതൽ സജീവമായി പങ്കെടുത്തു വരുന്നു.<br><br>സ്റ്റേറ്റ് ബിസിനസ്സ് റിഫോം ആക്ഷൻ പ്ലാനിന്റെ 2022-ലെ പതിപ്പിൽ, 22 വകുപ്പുകൾ/ഏജൻസികളിലായി 30 പരിഷ്കരണ മേഖലകളിലായി 352 ആക്ഷൻ പോയിന്റുകൾ ഉണ്ടായിരുന്നു. ഈ പരിഷ്കാരങ്ങളിൽ 261 എണ്ണം ബിസിനസ്സ് കേന്ദ്രീകൃതവും ബാക്കി 91 എണ്ണം പൗരകേന്ദ്രീകൃതവുമായിരുന്നു. മേൽ പറഞ്ഞ 30 പരിഷ്കരണ മേഖലകളിൽ, ഒമ്പത് മേഖലകളിൽ ടോപ്പ് അച്ചീവർ പുരസ്കാരം നേടിയാണ്, സംസ്ഥാനം ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് പട്ടികയിൽ മികച്ച നേട്ടം സ്വന്തമാക്കിയത്. |

| | | | |
|---|---|---|---|
| | | | വ്യവസായ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെയും സംസ്ഥാനങ്ങളുടെ പ്രകടനത്തെയും ആധാരമാക്കി നാല് വിഭാഗങ്ങളായി തിരിച്ചാണ് സ്റ്റേറ്റ് ബിസിനസ്സ് റിഫോം ആക്ഷൻ പ്ലാനിന്റെ 2022-ലെ റാങ്കിംങ് നടത്തിയത്. നൂറ് ശതമാനവും സംരംഭകരിൽ നിന്നുള്ള അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലാണ് ടോപ്പ് അച്ചീവറെ തിരഞ്ഞെടുക്കുന്നത്. ഒട്ടാകെ 30 മേഖലകളിലായി നടത്തിയ വിലയിരുത്തലിൽ, 9 മേഖലകളിൽ 95% പോസിറ്റീവ് ഫീഡ്ബാക്ക് സ്കോറോടുകൂടി ഏറ്റവും മികച്ച പ്രകടനം കാഴ്ചവച്ചാണ് സംസ്ഥാനം വ്യവസായ സൗഹൃദ സൂചികയിൽ ഒന്നാമതെത്തിയത്. ഏകജാലക സംവിധാനം, യൂട്ടിലിറ്റി അനുമതികൾ, റവന്യൂ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിലെ കാര്യക്ഷമത, ഗതാഗത സൗകര്യങ്ങൾ, എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് സേവനം, നികുതി സംവിധാനത്തിലെ കാര്യക്ഷമത തുടങ്ങിയ മേഖലകളിൽ സംസ്ഥാനം നടപ്പിൽ വരുത്തിയ മികച്ച പരിഷ്കരണങ്ങളാണ് സ്റ്റേറ്റ് ബിസിനസ്സ് റിഫോം ആക്ഷൻ പ്ലാനിന്റെ 2022 പതിപ്പിൽ വിലയിരുത്തപ്പെട്ടത്. |
| (ബി) | പ്രസ്തുത റാങ്കിംഗിന്റെ മറ്റ് മാനകങ്ങളിൽ എന്തെല്ലാം നിയമപരമായ നടപടികളാണ് ഇനിയും സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ ? | (ബി) | സ്റ്റേറ്റ് ബിസിനസ്സ് റിഫോം ആക്ഷൻ പ്ലാനിന്റെ 2022 പതിപ്പുമായി ബന്ധപ്പെട്ട് നടപ്പിലാക്കാൻ സാധിച്ച പരിഷ്കരണ പ്രവർത്തനങ്ങളെല്ലാം കേന്ദ്ര സർക്കാർ നല്കിയ സമയത്തിനുള്ളിൽ തന്നെ പൂർത്തീകരിച്ച് അവയുടെ തെളിവുകൾ ഡി.പി.ഐ.ഐ.റ്റി-ക്ക് സമർപ്പിച്ചിട്ടുള്ളതാണ്. പ്രസ്തുത തെളിവുകളും, തുടർന്ന് ഡി.പി.ഐ.ഐ.റ്റി സംരംഭകർക്കിടയിൽ നേരിട്ട് നടത്തിയ അഭിപ്രായ സർവേയും കണക്കിലെടുത്താണ് 2022 ലെ ടോപ്പ് അച്ചീവർ പുരസ്കാരം സംസ്ഥാനത്തിന് ലഭിച്ചത്. ആയതിനാൽ പ്രസ്തുത എക്സർസൈസിന്റെ ഭാഗമായി ഇനി നടപടികളൊന്നും സ്വീകരിക്കേണ്ടതില്ല. അതേസമയം, ബിസിനസ്സ് റിഫോം ആക്ഷൻ പ്ലാനിന്റെ 2024 പതിപ്പ് ഇക്കഴിഞ്ഞ ഫെബ്രുവരിയിൽ കേന്ദ്ര സർക്കാർ പുറത്തിറക്കി. 19 ഏരിയകളിലും 112 സബ് ഏരിയകളിലുമായി, 17 വകുപ്പുകളിലായി വ്യാപിച്ചുകിടക്കുന്ന 287 ആക്ഷൻ പോയിൻറുകൾ ഉൾക്കൊള്ളുന്നതാണ് 2024 പതിപ്പ്. അതിന്റെ ഭാഗമായി സംസ്ഥാനം നടപ്പിൽ വരുത്തേണ്ട വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട പരിഷ്കരണങ്ങൾ അവസാന ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ